## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3223
### 11.05.2017- ലെ മറുപടിക്ക്

### ആസ്തി വികസന സ്കീം

| ചോദ്യം<br>**ശ്രീ.പി.ഉണ്ണി** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ) എം.എൽ.എ. ആസ്തിവികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച പ്രപ്പോസലുകൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് അതാത് ഭരണവകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ എത്തുന്നതിന് കാലതാമസം ഉണ്ടാവുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആസ്തിവികസന എസ്റ്റിമേറ്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ; | ഇക്കാര്യം സംബന്ധിച്ച് ബഹു. എം.എൽ.എ.മാർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആസ്തി വികസന എസ്റ്റിമേറ്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് 22.07.2015 തീയതിയിലെ നം.67/2015/ധന സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷം ലഭ്യമായ ശുപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തിവികസന പ്രപ്പോസലുകൾ എന്നാണ് ധനകാര്യ വകുപ്പിൽ ലഭിച്ചത്; അത് ഭരണവകുപ്പുകൾക്ക് എന്ന് കൈമാറി; നാളിതുവരെ ഏതെല്ലാം വകുപ്പുകൾ ഡി.പി.ആർ സമർപ്പിച്ചു;വിശദാംശം നൽകാമോ? | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തിവികസന പ്രപ്പോസലുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

നമ്പർ 67/2015/ധന. *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

### സർക്കുലർ

വിഷയം: —ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: — (1) 11-6-2012-ലെ സ.ഉ(പി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗമില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി രേഖകൾ (Detailed Project Report) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണവകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

ഡോ. കെ. എം. എബ്രഹാം,
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

## അനുബന്ധം

### ഒറ്റപ്പാലം - നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതിയിൻ കീഴിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) രൂപ | ധനകാര്യ വകുപ്പിൽ ലഭിച്ച തീയതി | ധനാനുമതി നൽകി ഭരണ വകുപ്പിന് കൈമാറിയ തീയതി | ഭരണ വകുപ്പ് |
|---|---|---|---|---|---|
| 1 | ഗവ.ഐ.റ്റി.ഐ. കരിമ്പുഴ കെട്ടിട നിർമ്മാണം - എലുമ്പുലശ്ശേരി പഞ്ചായത്ത് | **100** | 24.02.2016 | 25.02.2016 | തൊഴിൽ വകുപ്പ് |
| 2 | ഒറ്റപ്പാലം മണ്ഡലത്തിലെ 37 സ്ഥലങ്ങളിൽ LED മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | **109.15** | 17.02.2016 | 04.03.2016 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | ഒറ്റപ്പാലം മണ്ഡലത്തിൽ 4 വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കൽ | **24** | 26.02.2016 | 27.02.2016 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 4 | കണ്ണിയാംപുറം ഗവ.ആയുർവേദ ആശുപത്രിയ്ക്ക് പുതിയ ബ്ലോക്ക് നിർമ്മാണം | **50** | 26.02.2016 | 27.02.2016 | ആയുഷ് വകുപ്പ് |
| 5 | അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ ഓപ്പൺ എയർ സ്റ്റേടിയം നിർമ്മാണം | **400** | 03.03.2016 | 30.03.2016 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| | ആകെ തുക | **683.15** | | | |